**അറിയിപ്പ്**

മി. സ്പീക്കർ: ഇന്നത്തെ റൂൾ 50 നോട്ടീസ് പരിഗണനയ്ക്ക് എടുക്കുന്നതിനുമുമ്പായി സുപ്രധാനമായൊരു നിർദേശം സഭമുമ്പാകെ വയ്ക്കാൻ ചെയർ ആഗ്രഹിക്കുകയാണ്. വെള്ളിയാഴ്ചകളിൽ അനൗദ്യോഗികാംഗങ്ങളുടെ ബിസിനസ്സാണ് സഭമുമ്പാകെ വരുന്നത്. സഭാനടപടികൾ പൂർത്തീകരിച്ച് ഉച്ചയ്ക്ക് 12.30-ന് പിരിയേണ്ടതുമുണ്ട്. അനൗദ്യോഗികാംഗങ്ങളുടെ കാര്യം സംബന്ധിച്ച് വളരെക്കാലമായി ഉയർന്നുവരുന്നൊരു ആക്ഷേപം, അവതരിപ്പിക്കാൻ വേണ്ടത്ര അവസരങ്ങൾ ലഭിക്കുന്നില്ലായെന്നതാണ്. ഈ നിയമസഭയുടെ കാലത്തും കഴിഞ്ഞ മൂന്ന് വർഷത്തിനിടെ പരിമിതമായ അവസരങ്ങളാണ് അംഗങ്ങൾക്ക് ഇക്കാര്യത്തിൽ ലഭ്യമായിട്ടുള്ളത്. ഇതിനൊരു പരിഹാരമെന്ന നിലയിൽ ചെയറിന് വയ്ക്കാനുള്ള നിർദേശം, ഏറെ ഗുരുതരമോ അടിയന്തരസാഹചര്യമോ ഇല്ലാത്ത അവസരങ്ങളിൽ വെള്ളിയാഴ്ചകളിൽ റൂൾ 50 നോട്ടീസ് ഒഴിവാക്കപ്പെടുകയാണെങ്കിൽ അനൗദ്യോഗികാംഗങ്ങളുടെ ബിസിനസ്സിനായി കൂടുതൽ സമയം ലഭ്യമാക്കാൻ കഴിയുമെന്നാണ്. ഇക്കഴിഞ്ഞ രണ്ട് വെള്ളിയാഴ്ചകളിലും സഭ മുമ്പാകെ വന്ന അനൗദ്യോഗിക കാര്യങ്ങൾ

പൂർണ്ണമായി പരിഗണിക്കുകയും ഭരണ-പ്രതിപക്ഷ ഭേദമെന്യേ നിരവധി അംഗങ്ങൾക്ക് വളരെ സജീവമായി ചർച്ചകളിൽ പങ്കെടുക്കാൻ അവസരങ്ങൾ ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. മാതൃകാപരമായ ഈ സാഹചര്യം തുടർന്നും ലഭ്യമാക്കാൻ കഴിഞ്ഞാൽ അത് നമ്മുടെ നിയമസഭാ നടപടികൾക്കും കീഴ്വഴക്കങ്ങൾക്കും ഏറെ ശക്തിപകരുമെന്ന ബോധ്യത്തിലാണ് നിർദേശം മുന്നോട്ടുവയ്ക്കുന്നത്. അതോടൊപ്പം, പ്രതിപക്ഷത്തിന് ന്യായമായ ഒരവസരവും നിഷേധിക്കപ്പെടരുതെന്ന നിഷ്കർഷയും ചെയറിനുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇക്കാര്യം സംബന്ധിച്ച് ആവശ്യമായ ആലോചനകളും ചർച്ചകളും നടത്തി സഭയുടെ പൊതുവായ വികാരമെന്ന നിലയിൽ അനുകൂലമായ നിലപാട് കൈക്കൊള്ളുമെന്നാണ് ചെയർ പ്രതീക്ഷിക്കുന്നത്.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി റിപ്പോർട്ട് സമർപ്പിക്കുന്നതാണ്. ഞങ്ങൾ മറ്റ് നിയമസഭകൾ സന്ദർശിച്ചപ്പോൾ കണ്ടൊരു കാര്യം അങ്ങ് പറഞ്ഞതുകൊണ്ട് ചൂണ്ടിക്കാണിക്കുകയാണ്. അവിടെ വെള്ളിയാഴ്ചയ്ക്കുപകരം ചൊവ്വ, ബുധൻ എന്നീ ദിവസങ്ങളിലാണ് അനൗദ്യോഗികാംഗങ്ങളുടെ കാര്യം

പരിഗണനയ്ക്കെടുക്കുന്നത്. വെള്ളിയാഴ്ച ദിവസം അടിയന്തരപ്രമേയം പരിഗണനയ്ക്കെടുത്താൽ സമയം പോകുമെന്ന് അങ്ങ് പറഞ്ഞത് ശരിയാണ്. മാത്രമല്ല, വെള്ളിയാഴ്ചകളിൽ ഉച്ചയ്ക്ക് 12.30-ന് സഭ പിരിയേണ്ടതുണ്ട്. അതിനാൽ മുഴുവൻ സഭ സമ്മേളിക്കുന്ന ഒരു ദിവസത്തേയ്ക്ക് ഇത് മാറ്റുന്ന കാര്യം കക്ഷി നേതാക്കളുമായി ആലോചിച്ച് തീരുമാനിച്ചാൽ അംഗങ്ങൾക്ക് കൂടുതൽ അവസരങ്ങൾ ലഭിക്കും. അങ്ങയുടെ നിർദേശങ്ങളോട് ചേർന്നുകൊണ്ടാണ് ഞാൻ ഇത് പറയുന്നത്.

മി. സ്പീക്കർ: ഇക്കാര്യം വിശദമായ ചർച്ചകൾക്ക് വിധേയമാക്കി തീരുമാനമെടുക്കാം. ചെയറിന്റെ പൊതുവായ അഭ്യർത്ഥനയാണ്. പ്രതിപക്ഷനേതാവിന്റെയും മറ്റ് നേതാക്കന്മാരുടെയും ഭാഗത്തുനിന്ന് വളരെ പോസിറ്റീവായ രീതിയിലുള്ള പ്രതികരണം ലഭിക്കുമെന്ന് പ്രതീക്ഷിക്കുകയാണ്.